പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3095

19-06-2018 ൽ മറുപടിക്ക്

## കാർഷിക വായ്പകൾ

ചോദ്യം
ശ്രീ. കെ.എസ്. ശബരീനാഥൻ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകർ കൃഷിയാവശ്യത്തിനായി എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ്,കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും, പ്രകൃതിക്ഷോഭം പോലുള്ള നാശനഷ്ടങ്ങളും കാരണം മുടങ്ങുന്ന സാഹചര്യങ്ങളിൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് മൊറോട്ടോറിയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച പ്രഖ്യാപനം ഉടൻ നടത്തുമോ; | (എ) | പ്രകൃതിക്ഷോഭങ്ങൾ (കൊടിയ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയവ) മൂലമുണ്ടാകുന്ന വ്യാപകമായ കൃഷിനാശവും അതിനെ തുടർന്നുണ്ടാകുന്ന കർഷകരുടെ സാമ്പത്തിക പ്രതിസന്ധികളും തിരിച്ചടയ്ക്കുവാൻ കഴിയാത്ത വായ്പാ ബാധ്യതകളും ഉണ്ടാകുന്ന സമയത്താണ് കാർഷിക വായ്പകളിന്മേൽ മോറട്ടോറിയം പ്രഖ്യാപിക്കുന്നത്. കൃഷിവകുപ്പ്, വിവിധ കാർഷിക വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കുന്ന വിവിധ കാർഷിക വികസന പദ്ധതികൾ എല്ലാ വിഭാഗം കർഷകർക്കും വളരെ സഹായകരമാണ്. വിപണി സാഹചര്യവും ഇന്ന് കർഷകർക്ക് അനുകൂലമാണ്. വിവിധ ധനകാര്യ സ്ഥാപനങ്ങളും കർഷകർക്ക് കാർഷിക വായ്പ നൽകുന്നതിന് അനുഭാവപൂർണ്ണമായ പരിഗണന നൽകുന്നു.<br>കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസത്തിനുള്ള വായ്പകളുടെ കാലയളവ് വയനാട് ജില്ലയിൽ 31-03-2014 വരെയും മറ്റ് 13 ജില്ലകളിൽ 31-10-2011 വരെയും ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും, പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങളും നേരിടുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ബി) | കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് നേരിടുന്നതിന് വിപണി ഇടപെടൽ എന്ന പദ്ധതിയിലൂടെ ഉത്സവകാലങ്ങളിൽ ഓണസമൃദ്ധി, വിഷുക്കണി എന്നീ പേരുകളിൽ വിപണികൾ സംഘടിപ്പിക്കുകയും, പഴം, പച്ചക്കറികൾക്ക് മെച്ചപ്പെട്ട സംഭരണ വില നൽകി കർഷകരിൽ |

| | | | |
|---|---|---|---|
| | | | നിന്നും സംഭരിക്കുകയും ഉപഭോക്താക്കൾക്ക് കുറഞ്ഞവിലയ്ക്ക് പഴം, പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. കൃഷി വകുപ്പും, ഹോർട്ടികോർപ്പും, വി.എഫ്.പി.സി.കെ, കുടുംബശ്രീ മുതലായവർ സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ നേരിടുന്നതിന് എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരതുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. 2017-18 സാമ്പത്തിക വർഷം 176644 കർഷകർക്കായി 876.179 ലക്ഷം രൂപയുടെ ആനുകൂല്യം വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നൽകിയിട്ടുണ്ട്. അതിരൂക്ഷമായ പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കൃഷി നാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ മുഖേന സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഇൻഷ്വറൻസ് സംരക്ഷണമില്ലാത്ത വിളകൾക്ക് സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്നും കേന്ദ്രമാനദണ്ഡങ്ങൾക്ക് അനുസൃതമായി ദുരിതാശ്വാസ സഹായം കർഷകർക്ക് റവന്യൂ വകുപ്പ് മുഖേന ലഭ്യമാക്കി വരുന്നു. അധികമായി വേണ്ടിവരുന്ന തുക കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകുന്നുണ്ട്. 2016-17 ൽ ഈയിനത്തിൽ 52 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ